പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**ഐ.എ.വൈ പദ്ധതിക്ക് സഹകരണബാങ്കുകൾ വായ്പ നൽകുന്നതു സംബന്ധിച്ച്**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1477 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതിക്ക് സഹകരണ ബാങ്കുകൾ വായ്പ നൽകിയ വകയിൽ ബാങ്കുകൾക്ക് തിരിച്ചടവിനുള്ള തുക നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സ്വീകരിച്ചുവരുന്നു. 2011-2012 വർഷം മുതൽ ഇന്ദിര ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് 2 ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷമായും വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000/- രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി തുക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു. 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാതുകയുടെ മുതൽ 10 തുല്യഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി.) തിരിച്ചടയ്ക്കുന്നതിനും 11.25% വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി വായ്പാ മുതൽ പ്രോജക്റ്റ് വച്ച് പ്ലാൻ ഫണ്ടിൽ നിന്നും തിരികെ അടച്ചുവരികയാണ്. |
| (ബി) | 30-4-2013 ൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. പദ്ധതി പ്രകാരം മരങ്ങാട്ടുപള്ളി സഹകരണ ബാങ്ക് വായ്പ നൽകിയതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള കാലതാമസവും കാരണവും വ്യക്തമാക്കാമോ. | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് നൽകിയിരിക്കുന്ന വായ്പ തിരിച്ചടയ്ക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ. ഇതുമൂലം ബാങ്കിന് ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ. | (സി) | |

സെക്ഷൻ ഓഫീസർ